**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1065** **30-06-2022 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കുടിവെള്ള പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിനായി നിർമ്മാണം പൂർത്തീകരിച്ച ടാങ്കിലേക്ക് വെള്ളം എത്തിക്കുന്നതിനാവശ്യമായ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ചാട്ടുകുളം മുതൽ പാവറട്ടി മുല്ലശ്ശേരി മേഖലയിൽ പൂർത്തീകരിച്ചിട്ടുള്ള ടാങ്കുകൾ വരെ ഗ്രാവിറ്റി മെയിൻ 13.80 കിലോമീറ്റർ സ്ഥാപിക്കുന്ന പ്രവർത്തി 65% പൂർത്തീകരിച്ചിട്ടുണ്ട്. മൺസൂൺകാല നിരോധനം മൂലം ഇനി പൈപ്പുകൾ സ്ഥാപിക്കേണ്ട പൊതുമരാമത്തു റോഡിൽ പ്രവർത്തികൾ ഒന്നും തന്നെ ഇപ്പോൾ നടക്കുന്നില്ല.കൂടാതെ ബ്രഹ്മകുളം ഭാഗത്തു റെയിൽവേ ക്രോസ്സിങ്ങിനുള്ള അനുമതി ഇതുവരെ ആയിട്ടില്ല. |
| (ബി) | പ്രസ്തുത പഞ്ചായത്തുകളിലെ വീടുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള വിതരണ ശൃംഖലയുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണ്; വീടുകളിൽ ടാപ്പുകൾ സ്ഥാപിക്കുന്നത് പൂർത്തീകരിച്ചിട്ടുണ്ടോ; | (ബി) | ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി പാവറട്ടി, മുല്ലശ്ശേരി എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ശുദ്ധ ജലം എത്തിക്കുന്നതിനായി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തി 74% പൂർത്തീകരിച്ചു. 5192 മീറ്റർ ഡി.ഐ പൈപ്പ്, 10400 മീറ്റർ പി.വി.സി പൈപ്പുകൾ എന്നിവ കരാറുകാർ വിതരണം ചെയ്തിട്ടുണ്ട്. മുല്ലശ്ശേരി പഞ്ചായത്തിൽ 42.877 കിലോമീറ്റർ നീളത്തിലും പാവറട്ടി പഞ്ചായത്തിൽ 36.785 കിലോമീറ്റർ നീളത്തിലും വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. മുല്ലശ്ശേരി പഞ്ചായത്തിൽ 1000 വീടുകളിലും പാവറട്ടി പഞ്ചായത്തിൽ 500 വീടുകളിലും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി വെട്ടിപ്പൊളിച്ച പഞ്ചായത്ത് റോഡുകൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ? | (സി) | പൈപ്പ് ഇടൽ കഴിഞ്ഞ ഭാഗങ്ങളിൽ ഗതാഗത തടസ്സം വരാത്ത രീതിയിൽ മണ്ണിട്ട് ലെവൽ ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികളുടെ ഗുണഭോക്താക്കൾ പഞ്ചായത്ത് ആയതിനാൽ ഭരണാനുമതി എസ്റ്റിമേറ്റിൽ പഞ്ചായത്ത് റോഡുകളുടെ restoration works ഉൾപ്പെടുത്തിയിരുന്നില്ല. |

സെക്ഷൻ ഓഫീസർ